പഞ്ചായത്ത് ഗ്രാമ വികസന വകുപ്പുകളുടെ സംയോജനം

14 [1098] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

പഞ്ചായത്ത് ഗ്രാമവികസന വകുപ്പുകളെ സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

സെക്രട്ടേറിയറ്റ് മാനുവൽ

15 [1099] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള സെക്രട്ടേറിയറ്റ് മാനുവൽ എന്നു മുതൽക്കാണ് നിലവിൽ വന്നത്?

ഉത്തരം

1957 ഏപ്രിൽ മാസം മുതൽ.

മലയോര വികസന അതോറിറ്റിക്കുവേണ്ടിയുള്ള ബഡ്ജറ്റ് വിഹിതം

16 [1109] ശ്രീ. കെ. പി. മമ്മു മാസ്റ്റർ:
ശ്രീമതി എൻ. കെ. രാധ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-93, 1993-94, 1994-95, 1995-96 എന്നീ ബഡ്ജറ്റുകളിൽ മലയോര വികസന അതോറിറ്റിക്കുവേണ്ടി നീക്കിവച്ച തുക എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ബി) അതോറിറ്റിയുടെ രൂപീകരണത്തിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1992-93-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി 25 ലക്ഷം രൂപ നീക്കിവച്ചിരുന്നു. 1993-94-ലെ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിരുന്നില്ല. 1994-95-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 1 കോടി രൂപ വകയിരുത്തുന്നതായി പറഞ്ഞിരുന്നെങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിരുന്നുന്നില്ല. 1995-96-ലെ ബഡ്ജറ്റിൽ 1 കോടി രൂപ മലമ്പ്രദേശ വികസനത്തിനായി വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly